
# ചൂലന്നൂർ

ദേശീയപക്ഷിയായ മയിലിന്റെ സംരക്ഷണാർത്ഥം കേരളത്തിൽ സ്ഥാപിതമായ പ്രഥമസങ്കേതമാണ് ചൂലന്നൂർ മയിൽ സങ്കേതം. പാലക്കാട്, തൃശ്ശൂർ, ജില്ല കളിൽപ്പെടുന്ന ആലത്തൂർ, തലപ്പിള്ളി താലൂക്കു കളിലായി 3.42 ച.കി.മീറ്റർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന ഈ പ്രദേശം 2007 - ലാണ് മയിൽ സങ്കേതമായി പ്രഖ്യാപിച്ചത്. പ്രശസ്ത പക്ഷിനിരീക്ഷ കനായ കെ.കെ. നീലകണ്ഠന്റെ പേരിലാണ് ഈ സങ്കേതം അറിയപ്പെടുന്നത്. പാറക്കെട്ടുകളും ഇല പൊഴിയും കാടുകളാലും സമ്പന്നമായ ഈ പ്രദേശം മയിലുകളുടെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമാണ്. വിവിധയിനം പക്ഷികൾ, സസ്തനികൾ എന്നിവയെയും ഈ സങ്കേതത്തിൽ കാണാൻ സാധിക്കും. പീച്ചി വൈൽഡ്ലൈഫ് ഡിവിഷന്റെ ഭരണ നിയന്ത്രണ ത്തിലാണ് ഈ മയിൽ സങ്കേതം. തൃശ്ശൂരിൽ നിന്ന് 65 കി.മീറ്ററും, പാലക്കാടു നിന്ന് 30 കി.മീറ്ററും ദൂരമുണ്ട് ഈ പക്ഷി സങ്കേതത്തിലേയ്ക്ക്.



| | | |
|---|---|---|
| വിസ്തീർണ്ണം | - | 342 ഹെക്ടർ (3.42 ച.കി.മീ.) |
| വർഷപാതം | - | 1500 മി.മീറ്റർ |
| ഊഷ്മാവ് | - | $20^0$-$34^0$C |
| സമുദ്രനിരപ്പിൽനിന്നുള്ള ഉയരം | - | 141 മീറ്റർ |
| സന്ദർശന കാലം | - | സെപ്തംബർ - ജനുവരി |

പാലക്കാട് ഠൗണിൽ നിന്നും 30 കി.മീറ്ററും, തൃശ്ശൂരിൽ നിന്ന് 65 കി.മീറ്ററും ദൂരമുണ്ട് ഈ പക്ഷി സങ്കേതത്തിലേക്ക്.


*കൂടുതൽ വിവരങ്ങൾക്ക്*

വൈൽഡ്‌ലൈഫ് വാർഡൻ പീച്ചി,

പീച്ചി വൈൽഡ്‌ലൈഫ് ഡിവിഷൻ,

പീച്ചി പി.ഒ. തൃശ്ശൂർ- 680653

ഫോൺ - 0487 - 2699017. മൊബൈൽ - 9447979103